(സി) ഗോഡൗണുകളിൽനിന്നും നഷ്ടപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തികബാധ്യത ഉത്തരവാദിത്തപ്പെട്ടവരിൽനിന്നും ഈടാക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് അറിയിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഗോഡൗണുകളിൽനിന്നും നഷ്ടപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടെ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി വരുന്നുണ്ട്. പരിശോധനകളിൽ കണ്ടെത്തുന്ന കുടുതൽ/കുറവുകൾക്ക് ഇക്കോണോമിക്കൽ നിരക്കിലുള്ള വില ഈടാക്കുകയും വകുപ്പുതലത്തിലുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

തൃശ്ശൂർ മണ്ഡലത്തിലെ മാവേലി സ്റ്റോറുകൾ

291 (1657) ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ തൃശ്ശൂർ നിയോജകമണ്ഡലത്തിൽ എത്ര മാവേലി സ്റ്റോറുകളും സൂപ്പർ സ്റ്റോറുകളും പീപ്പിൾസ് ബസാറുകളും ഉണ്ടെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 3 മാവേലി സ്റ്റോറുകളും ഒരു സൂപ്പർ മാർക്കറ്റും ഒരു പീപ്പിൾസ് ബസാറും നിലവിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. അയ്യന്തോൾ മാവേലി സ്റ്റോർ
2. കുർക്കഞ്ചേരി മാവേലി സ്റ്റോർ
3. വിയ്യൂർ മാവേലി സ്റ്റോർ
4. മണ്ണുത്തി സൂപ്പർ മാർക്കറ്റ്
5. തൃശ്ശൂർ പീപ്പിൾസ് ബസാർ.

(ബി) തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ സപ്ലൈകോയുടെ സ്വന്തം കെട്ടിടങ്ങളിലാണ് ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നത്. തൃശ്ശൂർ നിയോജക മണ്ഡലത്തിൽ സപ്ലൈകോയ്ക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഹൈപ്പർ മാർക്കറ്റ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly